Kalkipuri

e-book

Kalki

വിവേകാനന്ദന്റെ പുനർജ്ജന്മം

തെളിവുകൾ

Vivekanandante Punarjanmam Thelivukal (Malayalam)

(Rebirth of Vivekananda - Evidences)

Author: Kalki

Kalki

Publisher: Kalki
Address:
Kalkipuri
Edavannappara
Malappuram Dt. - 673645
Kerala, India.
Ph: 0483 2724372
Whatsapp: 7907456154
shop.kalkipuri.com

Copyright © Kalki.
(All rights reserved, including the right of reproduction in whole or in part in any form.)

DTP & Design: Kalkipuri

Digital First Edition: 24 Dec 2021

Digital Edition ISBN: 9789355933294
ISBN Format: Digital Download and Online
Price: Free

ISBN 978-9-3559332-9-4
9 789355 933294 >

ഉള്ളടക്കം

1. കൽകിപുരി പബ്ലിക്കേഷൻ

2. വസ്തുതകൾ

3. ഈ പുസ്തകത്തിൽ

4. പുരാതന ഋഷിപ്രോക്ത നാഡി താളിയോലകൾ: സംക്ഷിപ്ത ചരിത്രം

5. വിവേകാനന്ദന്റെ പുനർജന്മം: തെളിവുകൾ.
   അഗസ്ത്യ മഹർഷി എഴുതിയത്.
   ശിവദേവ - പാർവതി ദേവി ദിവ്യസംഭാഷണം.

കൽകിപുരി പബ്ലിക്കേഷൻ

1. പുനർജന്മം ചരിത്രപരമായ തെളിവുകൾ - കൽകി

   ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം.

   അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദി തമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

2. കൽകിപുരി ക്ഷേത്ര നിയമങ്ങൾ.
3. വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ
4. നാഡി ജ്യോതിഷം ഋഷിപ്രോക്ത നാഡി താളിയോലകൾ
5. ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ.
6. യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം.
7. ഗാന്ധാരിയും ശ്രീകൃഷ്ണനും സുപ്രധാന രംഗം.
8. കൽകിപുരി ക്ഷേത്രം ജ്യോതിഷത്തിൽ.
9. Kalkipuri Temple Rules.
10. Arjuna is the Sole Husband of Draupadi - Sree Krishna.
11. Real History of Sree Rama: Most Important Scene from the First Part.
12. Gandhari and Sree Krishna Most Important Scene.
13. Kalki Purana by Agastya & Vishvamitra. ShivaDeva-ParvathiDevi Divine Conversation.

Read More : English | Malayalam

വസ്തുതകൾ

കോടാനുകോടി മനുഷ്യരിൽ നിന്നും പ്രത്യേകമായി ഒരാളെമാത്രം വേർതിരിച്ചറിയുവാൻ കഴിയുന്നതെങ്ങനെ?

വ്യത്യസ്ത ഭാവങ്ങളുണ്ടാകുമെങ്കിലും ഓരോ മനുഷ്യനും ഒരു രൂപം, മുഖം, ആകൃതി, ഘടന, വിരലടയാളം തുടങ്ങിയവയുണ്ടാകും. അതിൽ വ്യത്യാസമുണ്ടായാൽ മറ്റൊരാളാകും. അതുകൊണ്ടാണ് ഓരോരുത്തരേയും തിരിച്ചറിയുവാൻ സാധിക്കുന്നത്. സാർവ്വജനീനമായി അംഗീകരിക്കപ്പെടുന്ന വസ്തുതയാണിത്.

ഭഗവാൻ ശ്രീരാമനും ശ്രീകൃഷ്ണനും രാജാവായിരുന്നു. മനുഷ്യനും അവതാരവുമാകുന്നു. അക്കാലത്തും ധാരാളം മികവുറ്റ ചിത്രകാരന്മാരും ശില്പികളും ഉണ്ടായിരുന്നു.

അക്കാലത്ത് സൂക്ഷിച്ച സപ്തമാവതാര ശ്രീരാമന്റേയും അഷ്ടമാവതാര ശ്രീകൃഷ്ണന്റേയും യാഥാർത്ഥ വിഗ്രഹവും ചിത്രവും ഇപ്പോൾ ലഭ്യമായിരുന്നുവെങ്കിൽ, നിരവധി ശില്പികൾ കൊത്തിയെടുത്ത വ്യത്യസ്ത രൂപവും മുഖവും ദേഹഘടനയും ആകൃതിയുമായി ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയുമെന്ന പേരിൽ ഇപ്പോൾ പ്രചാരത്തിലുള്ള അനേകം ചിത്രങ്ങളേയും വിഗ്രഹങ്ങളേയും ശില്പങ്ങളേയും അംഗീകരിക്കുമായിരുന്നോ?

ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും യഥാർത്ഥ ചിത്രവും വിഗ്രഹവുംപോലും സൂക്ഷിച്ചു നിലനിർത്താത്തതിനാൽ ലഭ്യമല്ലാതിരിക്കേ അവതാര ചരിതത്തിൽ നിന്ദിതമായ കല്പിത കഥകൾ കൂട്ടിച്ചേർത്ത് വികലമാക്കുവാൻ പ്രയാസമെന്ത്?

Read More

ഈ പുസ്തകത്തിൽ

സാധാരണക്കാരെ സംബന്ധിച്ച്, പുനർജന്മമെന്ന സമസ്യയ്ക്കുള്ള ചരിത്രപരമായ ഉത്തരമാണ് ഈ പുസ്തകത്തിൽ. ഋഷിപ്രോക്ത നാഡി താളിയോലകളിൽ നിന്നുമുള്ള ചരിത്രപരമായ തെളിവുകൾ അടങ്ങിയ ഉത്തരങ്ങൾ!!



പുരാതന ഋഷിപ്രോക്ത നാഡി താളിയോലകൾ

ശിവദേവ-പാർവതിദേവി ദിവ്യസംഭാഷണം

സംക്ഷിപ്ത ചരിത്രം

ലോകത്തിലെ ഏറ്റവും വലിയ മഹാത്ഭുതമാണ് നാഡി ജ്യോതിഷം എന്ന് അറിയപ്പെടുന്ന ഋഷിപ്രോക്ത പുരാതന നാഡി താളിയോലകൾ.

ആരുടെയെല്ലാം നാഡി താളിയോലകളുണ്ടോ അവർക്കെല്ലാം സൗജന്യമായി നാഡി താളിയോലകളിലെ വിവരങ്ങൾ അറിയുന്നതിന് ആദിതമിഴ് ഭാഷയിൽ പരിണിതപ്രജ്ഞരായ നാഡി റീഡർമാർക്ക് സർക്കാർ ശമ്പളം കൊടുക്കണം. സർക്കാർ നാഡി താളിയോലകൾ ഏറ്റെടുക്കരുത്. നാഡി താളിയോലകളുടെ ഇപ്പോഴത്തെ സൂക്ഷിപ്പുകാരായ ഉടമസ്ഥർക്ക് അർഹമായ ബഹുമാനത്തോടെ സാമ്പത്തിക സഹായവും സുരക്ഷിതത്വവും അനുവദിക്കുക.

– കൽകി

പുരാതന കാലത്ത് ജ്യോതിർമണ്ഡലമായ ശിവലോകത്തിൽ വെച്ച് പ്രകാശസ്വരൂപ സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോട് ഈ പുതിയ കാലഘട്ടത്തിൽ ജനിയ്ക്കുന്ന അനവധി ആളുകളെക്കുറിച്ച് അറിയിച്ചത്, ഈ ഭൂമിയിൽവെച്ച് ധ്യാനത്തിൽ ദർശിച്ച അഗസ്ത്യൻ, കൗശികൻ എന്ന വിശ്വാമിത്രൻ, വസിഷ്ഠൻ തുടങ്ങിയ മഹർഷിമാർ ശിവദേവ ആജ്ഞപ്രകാരം അവ കൃത്യമായി താളിയോലകളിൽ സംസ്കൃത ഭാഷയിൽ എഴുതിവെച്ചു. പിന്നീട് ശരഭോജി രണ്ടാമൻ പണ്ഡിതരുടെ സഹായത്തോടെ നാഡി താളിയോലകൾ എന്നും നാഡി ജ്യോതിഷം എന്നും പേരിൽ ആദിതമിഴ് ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തതിനു ശേഷം മൂല സംസ്കൃത താളിയോലകൾ നശിപ്പിക്കുകയും ചെയ്തു.

ഔദ്യോഗികമായി എല്ലാം മുൻകൂട്ടി തീരുമാനിച്ചതാണെന്നും അത് മാത്രമേ സംഭവിയ്ക്കുന്നുള്ളുവെന്നും, യാദൃശ്ചികതയല്ല പ്രാപഞ്ചിക പ്രതിഭാസങ്ങൾക്ക് അടിസ്ഥാനമെന്നും വ്യക്തമാക്കുന്നതിനുള്ള ചരിത്ര സാക്ഷ്യമായി നിലനിൽക്കുന്ന സർവാധികാരി പരമഗുരു ശിവദേവന്റെ ദിവ്യവാണികൾ.

ശാസ്ത്ര പുരോഗതിയുടെ പാരമ്യതയിലെത്തിയെന്ന് അവകാശപ്പെടുന്ന ഈ വേളയിൽ ജീവന്റെ ഗതിവിഗതികളേയും ആത്മാവിന്റെ പ്രയാണങ്ങളേയും പൂർവ്വജന്മ-പുനർജന്മ പ്രതിഭാസങ്ങളേയും പ്രപഞ്ചവിസ്മയമെന്ന മണിചെപ്പിലൊതുക്കി, ആദ്ധ്യാത്മികമെന്നോ മതപരമെന്നോ വിശ്വാസ സംഹിതകളെന്നോ വേർതിരിയ്ക്കാതെ സുപ്രധാനമായും അറിഞ്ഞിരിക്കേണ്ട ജീവന്റെ ശാസ്ത്രമാണിതെന്ന് പ്രഖ്യാപിക്കുകയാണ് സർവ്വാധികാരി പരമഗുരു ശിവദേവൻ.

നിഷ്ക്കളങ്ക ഭക്തിയോടെ കഠിനവ്രതങ്ങൾപോലും അനുഷ്ഠിക്കുന്നത് ദേവപ്രീതിയ്ക്കും ദേവങ്കലുള്ള ഭക്തരുടെ പ്രത്യേക പട്ടികയിൽ ഉൾപ്പെടുന്നതിനും ജീവന്റെ മേൽഗതിയ്ക്ക് വേണ്ടിയുമാണെന്നും വിശ്വസിച്ച് ആചരിച്ച ഒരു ജനത അറിയാതെപോകുന്നു, അങ്ങനെ പരിഗണിക്കപ്പെട്ടതിന്റെ പ്രത്യക്ഷ തെളിവുകൂടിയാകുന്നു അഥവാ സർട്ടിഫിക്കറ്റുകൂടിയാകുന്നു പുരാതന കാലത്ത് ശിവലോകത്തിൽവെച്ച് ശിവദേവൻ പാർവതി ദേവിയോട് ഭക്തരെക്കുറിച്ച് ജാതി മത വേർതിരിവുകൾ യാതൊന്നുമില്ലാതെ അറിയിച്ചത് ഋഷിമാരായ അഗസ്ത്യനും വിശ്വാമിത്രനും വസിഷ്ഠനുമെല്ലാം സംസ്കൃതത്തിൽ എഴുതിവെച്ചിരുന്നതിന്റെ ആദിതമിഴ് വിവർത്തനമായ പുരാതന നാഡി താളിയോലകളെന്ന്.

ധാരാളം ഭക്തരെ ദേവങ്കൽ പ്രത്യേകം പരിഗണിച്ചതിന്റെ പ്രത്യക്ഷ തെളിവുകൂടിയായ നാഡി താളിയോലകളിലെ ശിവദേവന്റെ ആജ്ഞയെ നിന്ദിക്കുന്നതിനുവേണ്ടിയാണ് നാഡിതാളിയോലകൾ അത്ഭുത ഫലപ്രാപ്തിയ്ക്കും സാധാരണ (ഗ്രഹചലനങ്ങളെ പറ്റി പഠിയ്ക്കുന്ന ജ്യോതിശാസ്ത്രമായ) ജ്യോതിഷത്തിൽ കൂട്ടിച്ചേർത്തതുപോലെ തന്നെ ദോഷങ്ങൾ അറിയുന്നതിനും പലവിധ ക്രിയകളിലൂടെ പരിഹാരങ്ങൾചെയ്ത് കാര്യലാഭം നേടുന്നതിനും വേണ്ടിയെന്ന് കൂട്ടിച്ചേർത്തത്.

ഇതുവരേയുള്ള ഭക്തി പ്രത്യേക പരിഗണനകൾക്ക് അർഹമാക്കിയിട്ടുണ്ടെന്നും



Sivasamy with Amit Shah

Courtesy: www.srisivanadi.com

പൂർവ്വജന്മങ്ങളിലെ ചില ചെയ്തികൾ (ചിലർക്ക്) അപാകതകൾക്ക് കാരണമായിട്ടുണ്ടെന്നും തുടർന്നുള്ള ജീവിതത്തിൽ ശ്രദ്ധയോടെ കർമ്മശുദ്ധിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടായിരിയ്ക്കണം പ്രവർത്തിക്കേണ്ടതെന്നും ജീവന്റെ പ്രയാണം ഒരു ജന്മംകൊണ്ട് അവസാനിയ്ക്കുന്നതല്ലെന്നും അനവധി ജന്മങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ടെന്നും ഓർമ്മപ്പെടുത്തുകയാണ് സർവ്വാധികാരി പരമഗുരു ശിവദേവൻ എന്ന പരമപ്രാധാന്യമർഹിയ്ക്കുന്ന കാര്യത്തെ മറച്ചുവെക്കുന്നതിനുവേണ്ടി കൂട്ടിച്ചേർത്തതാണ് ദോഷപരിഹാരങ്ങൾ.

ഒരാളുടെ നാഡി താളിയോല ലഭിച്ചു എന്നതിനർത്ഥം ജാതി മത വേർതിരിവുകൾ യാതൊന്നുമില്ലാതെ ദേവങ്കലുള്ള ഭക്തരുടെ പ്രത്യേക പട്ടികയിൽ പ്രാധാന്യത്തോടെ ആ വ്യക്തിയുമുണ്ട് എന്നതാകുന്നു. മഹാഭാഗ്യം!! മഹാനുഗ്രഹം!!

ജന്മാന്തരങ്ങളായി തുടർന്നു വരുന്ന ഭക്തി ദേവങ്കൽ സ്വീകാര്യമായി എന്നറിയുന്ന നിമിഷമാണ്, ഒരു ഭക്തനോ ഭക്തയ്ക്കോ അവരുടെ നാഡി താളിയോല ലഭിയ്ക്കുക എന്നത്. അതിനുപകരം കാര്യങ്ങൾ സാധിയ്ക്കുന്നതിനും ദോഷപരിഹാരങ്ങൾക്കും ഭാവി അറിയുന്നതിനും അത്ഭുതഫലപ്രാപ്തിയ്ക്കും വേണ്ടിയുള്ള താക്കി ധനസമ്പാദനത്തിനുള്ള കുടിലതന്ത്രങ്ങളിലൂടെ ശിവദേവനും ദേവിയും ഋഷിമാരും ആരെയൊക്കെയോ നാഡിതാളിയോലയെന്ന വ്യവസായം നടത്താൻ ഏൽപ്പിച്ചത് പോലെ തെറ്റിദ്ധരിപ്പിച്ച് സർവാധികാരിയും പരമഗുരുവുമായ ശിവദേവന്റെ ആജ്ഞകൾ രേഖപ്പെടുത്തിയ ജീവന്റെ മഹാശാസ്ത്രമായ നാഡിതാളിയോലകളുടെ മാഹാത്മ്യവും പ്രായോഗിക പ്രാധാന്യവും മറച്ചുവെയ്ക്കുവാനുണ്ടായ ശ്രമം തിരിച്ചറിയേണ്ടതുണ്ട്. Read More

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ

kalkipuri.com

വിവേകാനന്ദന്റെ പുനർജന്മം
തെളിവുകൾ

(പുനർജന്മം ചരിത്രപരമായ തെളിവുകൾ എന്ന പുസ്തകത്തിൽ നിന്നും...)

ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദവിവർത്തനം, വിവരണം.



2004 നവംബർ 16ന് കൽകിയുടെ മഹാശിവനാഡി സൂക്ഷ്മൽസൂക്ഷ്മകാണ്ഡം (ദേവരഹസ്യകാണ്ഡം) വായിയ്ക്കുന്നു. നാഡി റീഡർ: തിരുജ്ഞാനം. ഇംഗ്ലീഷ് വിവർത്തകൻ: ബാല സുബ്രമണ്യം. നാഡി ഓഫീസ്: എ. ശിവസാമി, S/o. അരുൾശിവ അരുമുഖം, വൈത്തീശ്വരൻകോവിൽ, തമിഴ്നാട്, ഭാരതം.

2004 നവംബർ 16ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ മഹാശിവനാഡി സൂക്ഷ്മൽസൂക്ഷ്മ കാണ്ഡം, 2004 നവംബർ 2ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ മഹാശിവ നാഡി തുല്ല്യം ശാന്തികാണ്ഡം എന്നിവയിൽ നിന്നുമുള്ള പ്രസക്ത ഭാഗങ്ങൾ. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണങ്ങൾ രേഖപ്പെടുത്തിയതാകുന്നു മഹാശിവ നാഡി താളിയോലകൾ.

Name : Kalki

Address: Kalkipuri, Edavanappara, Malappuram Dt. - 673645, Kerala.

അരുൾവടിവായ് നിൻട്ടിടുവീർ അയ്യൻപാദം (2):1:1.
അടിതൊഴുത് മകൻശാന്തി ദേവിയാനം (2):1:2.

അരുൾവടിവായ്=ദിവ്യസ്വരൂപത്തിൽ,
നിൻട്ടിടുവീർ=നിലകൊള്ളുന്ന,
അയ്യൻപാദം=അവിടുത്തെ തൃപ്പാദങ്ങളിൽ,
അടിതൊഴുത്=നമസ്ക്കരിച്ച്,
മകൻ ശാന്തി=മകന്റെ ശാന്തികാണ്ഡം,
ശാന്തി=ശാന്തികാണ്ഡം അഥവാ പൂർവ്വജന്മകാണ്ഡം (13-ാം കാണ്ഡം),
ദേവിയാനം= നാം പാർവ്വതിദേവി,
യാൻ=ഞാൻ, നാം.

അഗസ്ത്യ മഹർഷി, കൗശികൻ എന്ന വിശ്വാമിത്ര മഹർഷി, വസിഷ്ഠ മഹർഷി തുടങ്ങിയവരുടെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല.

– കൽകി

ദിവ്യസ്വരൂപത്തിൽ (2):1:1:1.
നിലകൊള്ളുന്ന (2):1:1:2.
അവിടുത്തെ തൃപ്പാദങ്ങളിൽ (2):1:1:3.
(ശ്ലോകത്തിലുള്ളത് അതേപ്രകാരം ചേർക്കുന്നുവെന്ന് മാത്രം)
നമസ്ക്കരിച്ച് (2):1:2:1.
മകന്റെ ശാന്തികാണ്ഡം
(പൂർവ്വജന്മകാണ്ഡം) (2):1:2:2.
(അറിയിച്ചുതരുവാനായി)
നാം പാർവ്വതിദേവി
(അങ്ങയോട് അപേക്ഷിക്കുന്നു). (2):1:2:3.

- പാർവ്വതിദേവി

പാർവ്വതിദേവിയുടെ ദിവ്യവാണികളോടെയാണ് കൽകിയുടെ വിശ്വവിഖ്യാത വിവേകാനന്ദ പൂർവ്വാവതാരത്തെക്കുറിച്ചുള്ള അദ്ധ്യായം ആരംഭിക്കുന്നത്.

Kalki

ജ്യോതിർമണ്ഡല ബ്രഹ്മലോക ശിവലോക വിഷ്ണുലോക പ്രകാശസ്വരൂപ യഥാർത്ഥ ദേവവർഗ്ഗ നിയമങ്ങൾ Kalki വാഴക്കാട് സ.റ.ആ.ൽ 1/3/2021-ാം നമ്പരായി രജിസ്റ്റർ ചെയ്ത കൽകിയുടെ ഒസ്യത്തിലും ആയതിലെ 23ഉം 24ഉം വകുപ്പുകളിൽ പ്രത്യേകമായി രേഖപ്പെടുത്തിയതും കൽകിപുരി ക്ഷേത്രത്തിൽ നടപ്പാക്കിയതുമായ കൽകിപുരി ക്ഷേത്ര നിയമങ്ങൾ വായിക്കുക.

മകന്റെ പൂർവ്വജന്മ വൃത്താന്തങ്ങൾ അറിയിക്കണമെന്ന് പാർവതിദേവി ശിവദേവനോട് അപേക്ഷിച്ചു. നാം ദേവി എന്ന് സ്വയം അറിയിച്ചുകൊണ്ടാണ് പാർവതിദേവി ചോദിയ്ക്കുന്നത്.

ഇരുൾവാരാ എനൈകേട്ട അൻമ്പുദേവി (2):1:3.
ഇവൻതണക്ക് ഗോപകുമാർ നാമംകണ്ട് (2):1:4.
കണ്ട്പിൻ അഖിലാനന്ദ സ്വാമിയാകി (2):2:1.
കുരിടവേ ദശമാവതാരം കൽകിയിന്നാൾ (2):2:2.

ഇരുൾവാരാ=പ്രകാശിതമായ,
എനൈകേട്ട=നമ്മോട് ചോദിച്ച (എന്നോട് ചോദിച്ച),
അൻമ്പുദേവി=പ്രിയദേവി!,

നിന്ദിക്കാതിരിക്കൽ
യഥാർത്ഥ വന്ദിക്കൽ - കൽകി

ഇവൻതണക്ക്=ഇദ്ദേഹത്തിന്റെ,
ഗോപകുമാർനാമംകണ്ട്=(ആദ്യത്തെ) പേര് ഗോപകുമാർ,
കണ്ട്പിൻ=അതിനുശേഷം,
അഖിലാനന്ദ സ്വാമിയാകി=അഖിലാനന്ദ സ്വാമിയായി,
കുരിടവേ=അറിയിക്കുന്നതായ (ഓല വായിക്കുന്ന സന്ദർഭത്തിൽ),
ദശമാവതാരം കൽകി=ദശമാവതാരം കൽകി,
ഇന്നാൾ=ഈ കാലത്ത് (ഇപ്പോൾ).

പ്രകാശിതമായി (2):1:3:1.
നമ്മോട് ചോദിച്ച (2):1:3:2.
പ്രിയ ദേവി! (2):1:3:3.
ഇദ്ദേഹത്തിന്റെ (2):1:4:1.
(ആദ്യത്തെ) പേര് ഗോപകുമാർ. (2):1:4:2,3.
അതിനുശേഷം (2):2:1:1.
അഖിലാനന്ദസ്വാമിയായി. (2):2:1:2,3.
അറിയിക്കുന്ന (2):2:2:1. **ഇപ്പോൾ** (2):2:2:3(2).
ദശമാവതാരം കൽകി. (2):2:2,3(1).

- സർവ്വാധികാരി പരമഗുരു ശിവദേവൻ

ശിവദേവൻ പാർവ്വതിദേവിയോട് കൽകിയുടെ പൂർവ്വാവതാര വൃത്താന്തങ്ങൾ അറിയിക്കുകയാണ് തുടർന്നുള്ള ശ്ലോകങ്ങളിൽ.

ആദ്യമായി കൽകിയുടെ ഔദ്യോഗിക നാമധേയവും സുപ്രധാന സ്ഥാനവും വ്യക്തമാക്കിയതോടൊപ്പം മുമ്പുണ്ടായിരുന്ന രണ്ട് നാമധേയങ്ങളും ശിവദേവൻ അറിയിച്ചു.

kalkipuri.com

Kalki (1998ൽ 28-ാം വയസ്സിൽ എടുത്ത ചിത്രം)

(ചെറുപ്പത്തിൽ മാതാപിതാക്കൾ നൽകിയ) പേര് ഗോപകുമാർ. അതിനുശേഷ(മുള്ള സന്യാസ നാമധേയമാണ്) അഖിലാനന്ദ സ്വാമി. പിന്നീടാണ് കൽകി എന്ന ഔദ്യോഗിക നാമധേയവും ദശമാവതാരം എന്ന സമുന്നത സ്ഥാനവും അറിയിക്കുന്നത്. താളിയോല വായിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ദശമാവതാരം കൽകി.

കൽകി എന്ന പേര് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമ പ്രാബല്ല്യം വരുത്തിയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കേരള ഗസറ്റ് 1999 ജൂലൈ 6, വോള്യം 44, നമ്പർ 27, പാർട്ട് 4ൽ ഗോപകുമാർ എന്ന ആദ്യത്തെ പേരും ഒപ്പും മാറ്റി അഖിലാനന്ദസ്വാമി എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. വീണ്ടും കേരള ഗസറ്റ് 2000 ജനുവരി 11, വോള്യം 45, നമ്പർ 2, പാർട്ട് 4ൽ അഖിലാനന്ദ സ്വാമി എന്ന പേരും ഒപ്പും മാറ്റി Kalki എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. ഇനീഷ്യലില്ല, Kalki എന്ന പേര് മാത്രമേയുള്ളൂ. ഇപ്പോഴത്തെ നാമധേയം: Kalki.

സാധാരണ നാഡിതാളിയോലകളിൽ ഒരു പേര് മാത്രമാണുണ്ടാവുക. വിളിപ്പേരുകളെ ഔദ്യോഗിക നാമധേയങ്ങളായ് പരിഗണിയ്ക്കുകയില്ല. അതിനു രേഖാമൂലമുള്ള പ്രാബല്ല്യമുണ്ടാകില്ല. എന്നാൽ കൽകിയുടെ പൂർവ്വനാമധേയങ്ങളിൽ ഗോപകുമാർ എന്നത് എസ്എസ്എൽസി പുസ്തകത്തിലും അഖിലാനന്ദ സ്വാമി എന്നതും കൽകി എന്നതും ട്രസ്റ്റ് രേഖകളിലുമുള്ളതാണ്. ഈ മൂന്ന് പേരുകളും കേരള ഗസറ്റ് വിജ്ഞാപനത്തിൽ രേഖാമൂലമുണ്ട്. കേരള ഗസറ്റ് വിജ്ഞാപനത്തിലൂടെ ഇപ്പോഴത്തെ ഔദ്യോഗിക നാമധേയം കൽകി ആകുന്നു എന്നതും രേഖാമൂലം കൃത്യത വരുത്തിയിട്ടുണ്ട്. കൽകിയുടെ നാഡിതാളിയോലകളുടെ കൃത്യതയ്ക്ക് ഇതാവശ്യമാണ്.

സ്വയം സന്യാസിയാവുകയാണ്, മറ്റാരും നൽകുകയല്ല. പ്രാരാബ്ധകർമ്മങ്ങളെല്ലാം അനുഭവിച്ച് കഴിഞ്ഞ് മുക്തിക്കുള്ള അർഹതനേടി അവസാനത്തെ ജന്മമെടുക്കുമ്പോൾ മാത്രമാണ് സ്വാഭാവികതയും സംശുദ്ധതയുമുള്ള സഹജാവസ്ഥയിൽ സംന്യാസിയാകുന്നത്. സ്വയം വ്യക്തതയാണത്. മറ്റാരും പറഞ്ഞു തരേണ്ടതല്ല. മറ്റാരും പകർന്നു തരേണ്ടതല്ല. മറ്റാരും നൽകേണ്ടതുമല്ല. ആത്മ

സാക്ഷാത്ക്കാരമാണത്. സാമ്പ്രദായികമായി ആചാരങ്ങളോടുകൂടി സന്യാസിയാവുക എന്നൊരു ചടങ്ങ് നടത്തി സ്വയം പറ്റിയ്ക്കുന്നതിനേയും സ്വയം വിഡ്ഢിയാകുന്നതിനേയുമല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

താനായും പ്രപഞ്ചമായും നിലകൊള്ളുന്ന, എല്ലാം ആകുന്നത് പരബ്രഹ്മം എന്ന പദത്താൽ സൂചിപ്പിയ്ക്കപ്പെടുന്ന എന്ന വ്യക്തതയിൽ സ്വയം നിലകൊള്ളുന്ന സഹജാവസ്ഥയിൽ, ആത്മസാക്ഷാത്ക്കാരത്തിൽ, ഉപാധിരഹിതമായ സ്വാതന്ത്ര്യമാകുന്ന സന്യാസം. ജീവന്റെ അവസ്ഥകളേയും ജന്മ-കർമ്മ ബന്ധങ്ങളേയുംക്കുറിച്ച് സ്വയം അറിയുന്ന മഹാപ്രാജ്ഞാവസ്ഥയാണ് സന്യാസം. മമതയാകുന്ന ബന്ധനങ്ങളിൽപ്പെടാതെ സദാ സ്വയം സന്തുലിതത്തിൽ നിലകൊള്ളുന്ന ആത്മാവിന്റെ സ്വാതന്ത്ര്യമാണ് സന്യാസം. ഭിന്നമല്ലാത്ത ദൈവീകതയുടെ ഏകീകരണത്തെ തിരിച്ചറിയുന്ന വിജ്ഞാനത്തിന്റെ ഉത്തുംഗശ്യൃംഗമാണ് സംന്യാസം. ജ്യോതിർമണ്ഡല ശിവലോക പ്രകാശ സ്വരൂപ സർവ്വാധികാരി പരമഗുരു ശിവദേവന്റെ പൂർണ്ണ അനുഗ്രഹമാണ് അർഹതയുള്ള മനുഷ്യജീവനെ ജീവന്മുക്താവസ്ഥ എന്ന സംന്യാസിയാക്കുന്നത്, മനുഷ്യരല്ല. 10 ലക്ഷം കോടിയിൽ ഒരു ജീവനെങ്കിലും എന്ന തോതിൽ അപൂർവ്വത്തിൽ അപൂർവ്വം!! സംന്യാസിക്ക് കർമ്മങ്ങളില്ലെങ്കിലും സദാ പ്രവർത്തനമുണ്ട്. വിചാരങ്ങളോടുകൂടി സങ്കൽപിച്ച് പ്രാരാബ്ധകർമ്മങ്ങളുടെ ശ്യൃംഖലയിൽപ്പെട്ടുഴലുന്ന പ്രവൃത്തിമാർഗ്ഗത്തിൽ ചരിക്കാതിരിക്കുന്ന നിവൃത്തിയാണ് സന്യാസം.

ദൈവീകതയുടെ നിയമക്രമങ്ങളെക്കുറിച്ചും മഹാത്മ്യത്തെക്കുറിച്ചും അറിയിച്ച് നടപ്പാക്കുന്നതിനായുള്ള ബ്രഹ്മാണ്ഡത്തിലെ സമുന്നത സ്ഥാനം അഥവാ സമുന്നത പദവിയാണ് അവതാരം; അതിൽ പരമപ്രധാനം: ദശമാവതാരം.

അവതാരം വെളിപ്പെടുമേ എനതരുളാലെ (1):25:2.

അവതാരം വെളിപ്പെടുമേ എനതരുളാലെ = നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും.
എനതരുളാലെ = നമ്മുടെ (എന്റെ),
അരുളാലെ = (ദിവ്യ) വാണികളാൽ, (അനുഗ്രഹത്താൽ).

അവതാരം വെളിപ്പെടുമേ എനതരുളാലെ (1):25:2.

Kalkipuri

നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

kalkipuri.com

ഇരുൾനീക്കെ വന്തവനേ (1):27:3:1,2.

ഇരുൾനീക്കെ = അജ്ഞതയകറ്റുവാൻ, വന്തവനേ = വന്നവനേ.

കൽകി

അജ്ഞതയകറ്റുവാൻ വന്നവൻ (1):27:3:1,2.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

യഥാർത്ഥ ജ്ഞാനമാണ് അജ്ഞതയിൽപ്പെട്ടുഴലാതെ സംരക്ഷിയ്ക്കുന്നത്. ഇരുട്ടിനെ അകറ്റേണ്ടതില്ല; പ്രകാശമുണ്ടെങ്കിൽ. കൽകി അജ്ഞതയകറ്റുവാൻ വേണ്ടി അവതരിച്ചതാണ്. ശിവദേവൻ കൽകിയോട് നേരിട്ട് അറിയിയ്ക്കുകയാണ്. അവതാര ദൗത്യത്തിലെ സുപ്രധാനമായ ഭാഗമാണിത്.

ഇവിടെ, ഇരുട്ട് എന്നത് അജ്ഞതയെ സൂചിപ്പിയ്ക്കുന്നു. യഥാർത്ഥ ജ്ഞാനംകൊണ്ട് മാത്രമേ അജ്ഞതയിൽ നിന്നും മോചനം ലഭിയ്ക്കൂ. ദേവവർഗ്ഗത്തെ സംബന്ധിച്ച യഥാർത്ഥ ജ്ഞാനമാണ് കൽകിയിൽ നിന്നും ഈ ലോകത്തിന് ലഭിയ്ക്കുന്നത്. ദേവകാര്യാർത്ഥം ഔദ്യോഗിക നിർവ്വഹണം പൂർത്തിയാക്കുകയാണ് കൽകി അവതാരം.

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ



വിവേകാനന്ദ പൂർവ്വാവതാരം

അവതാരം മാളവനിൻ അരുളിനാലേ (1):13:1.
അർഭുതങ്കിൾ നിഹയിൽത്തവേ വിവേകാനന്ദൻ (1):13:2.
ദിവ്യമായ് പലസേവൈ ജ്ഞാനംശിന്തൈ (1):13:3.
തിരുപ്പണികൾ പലശൈത് ഇരുക്കുംകാലം (1):13:4.
കാലമതിൽ നാൻഅളൈത്തേൻ അതനിൻപിന്നെ (1):14:1.
കൽകിയെന്നും അവതാരം ഇതുകാലത്തിൽ (1):14:1.

അവതാരം മാളവനിൻ=വിഷ്ണുദേവൻ അവതരിച്ച്, അരുളിനാലേ=ദിവ്യവാണികളാൽ, അർഭുതങ്കിൾ=അത്ഭുതങ്ങൾ, നിഹയിൽത്തവേ=ചെയ്യും, വിവേകാനന്ദൻ=സ്വാമി വിവേകാനന്ദനായി, ദിവ്യമായ് പലസേവൈ=പലവിധത്തിലുള്ള ഈശ്വരോപാസനകൾ, ജ്ഞാനംശിന്തൈ= ജ്ഞാനിയായി തത്വചിന്തചെയ്ത് (സന്യാസിയായി), തിരുപ്പണികൾ പലശൈത് ഇരുക്കുംകാലം=ഈശ്വരീയവും ആരാധനാലയ സംബന്ധവുമായ പലവിധ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ, കാലമതിൽ =അക്കാലത്ത്, നാൻഅളൈത്തേൻ=നാം (ശിവദേവൻ) തിരിച്ചു വിളിച്ചു, നാൻ= നാം (ഞാൻ), അതനിൻപിന്നെ=അതിനുശേഷം, കൽകിയെന്നും അവതാരം ഇതുകാലത്തിൽ=ഈ കാലത്ത് കൽകിയായി അവതരിച്ചു.

വിഷ്ണുദേവൻ (1):13:1:2. **വിവേകാനന്ദനായി** (1):13:2:3.
അവതരിച്ച് (1):13:1:1. **ദിവ്യവാണികളാൽ** (1):13:1:3.
അത്ഭുതങ്ങൾ ചെയ്തും (1):13:2:1,2. **വിവിധരീതികളിൽ**
ഈശ്വരസേവചെയ്തും (1):13:3:1,2. **തത്വജ്ഞാനചിന്തക**
ളോടെ (1):13:3:3. **പലവിധത്തിലുള്ള**
ആരാധനാലയ സംബന്ധമായ
കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കേ (1):13:4:1,2,3.-14:1:1.
(അവതാരദൗത്യം പൂർത്തിയാക്കുന്നതിനുമുമ്പ്)
നാം (1):14:1:2(1). **തിരിച്ച് വിളിച്ചു.** (1):14:1:2(2).
അതിനുശേഷം (1):14:1:3.
(അവതാരദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടി നമ്മുടെ
അനുവാദപ്രകാരം സ്വാമി വിവേകാനന്ദൻ വീണ്ടും)
ഇക്കാലത്ത് (1):14:2:3.
കൽകിയായി അവതരിച്ചു. (1):14:2:1,2.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

കൽകിയുടെ മഹാശിവ നാഡി സൂക്ഷ്മാൽസൂക്ഷ്മം (ദേവരഹസ്യകാണ്ഡം)

Kalkipuri Temple

2001

2020

♦ ശ്രീകോവിൽ ♦ പ്രാർത്ഥനാ മണ്ഡപം ♦ 18 പടികൾ

♦ Sreekovil ♦ Prayer Hall ♦ 18 Steps

കൽകിയുടെ പൂർവ്വാവതാര വിവരണത്തിൽ ചരിത്രപരമായി വളരെയേറെ പ്രാധാന്യമുള്ളതും, സംഭവിച്ചതെന്ന് ജനങ്ങളും ശാസ്ത്രവും കൃത്യമായ തെളിവുകളോടെ അംഗീകരിച്ചതുമായ അവതാര മാഹാത്മ്യത്തേയാണ് തുടർന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ അറിയിച്ചത്.

സ്വാമി വിവേകാനന്ദൻ: ഭാരതത്തിന്റെ സാംസ്ക്കാരിക മഹിമ ലോകത്തിന് വെളിപ്പെടുത്തിയ മഹാമനീഷി! ധീരതയുടേയും മാനുഷികതയുടേയും മൂർത്തീമദ്ഭാവം!

കാലത്തിന് തല്ലിക്കെടുത്താനാവാത്തവിധം കരുത്തോടെ സനാതന ധർമ്മത്തെ പ്രോജ്ജ്വലിപ്പിച്ച യുവസന്യാസിയായിരുന്ന വിവേകാനന്ദൻ! ഏതൊരു കാലഘട്ടത്തേയും ത്രസിപ്പിക്കുന്ന മാന്ത്രികവാണികളുടെ അതുല്ല്യ വാഹകനായിരുന്ന വിശ്വനാഥ ദത്തന്റേയും ഭുവനേശ്വരിയുടേയും പുത്രനായി നരേന്ദ്രനാഥ ദത്തൻ എന്ന പേരിൽ വളർന്ന സ്വാമി വിവേകാനന്ദൻ.

1863 ജനുവരി 12ന് ഭൂജാതനായി, ഇഹലോകത്തിൽ സനാതന ധർമ്മത്തിന്റെ മാഹാത്മ്യത്തെ സംസ്ക്കാരത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തിച്ച്, 1902

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ

ജ്യോതിർമണ്ഡല (ബ്രഹ്മലോക–ശിവലോക–വിഷ്ണുലോക) പ്രകാശസ്വരൂപ ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ല.

kalkipuri.com

ജൂലായ് 4ന് സമാധിയായ സ്വാമി വിവേകാനന്ദന്റെ പുനരവതാരമാണ് കൽകി എന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ ലോകത്തോട് ഉദ്ഘോഷിക്കുകയാണ്.

വിഷ്ണുദേവൻ സ്വാമി വിവേകാനന്ദനായി അവതരിച്ച് ധാർമ്മിക പ്രബുദ്ധതയുടെ ജയഭേരി മുഴക്കി, ഭാരത സംസ്ക്കാരത്തിന്റെ മഹിമാവിശേഷങ്ങളെ ഉദ്ബുദ്ധരായ യുവാക്കളിലേക്ക് ആദർശമായി സന്നിവേശിപ്പിച്ച്, രാഷ്ട്രത്തിന്റെ നവോത്ഥാനത്തിന് വിത്തുപാകി ദൈവീകതയുടെ സന്ദേശവാഹകനായി അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കേ ("വിവേകാനന്ദൻ.. നാൻഅളൈത്തേൻ അതനിൻപിന്നെ കൽകിയെന്നും അവതാരം ഇതുകാലത്തിൽ") വിവേകാനന്ദനെ സർവ്വാധികാരി പരമഗുരു ശിവദേവൻ തിരിച്ചു വിളിച്ചതിനാൽ ദൗത്യം പൂർത്തിയാക്കാതെ തിരിച്ചുപോയ വിവേകാനന്ദൻ അതിനുശേഷം സർവ്വാധികാരി പരമഗുരു ശിവദേവന്റെ അനുവാദത്തോടെ വീണ്ടും ഇക്കാലത്ത് അവതാര ദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടി കൽകി എന്ന പേരിൽ പുനരവതരിച്ചതാണെന്ന് പ്രത്യേകമായി അറിയിച്ച് ശിവദേവൻ സ്വാമി വിവേകാനന്ദന്റെ തിരുഅവതാരത്തെ വരവേൽക്കുകയാണ്, സ്വീകരിച്ച് ആനയിക്കുകയാണ്.

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ

1902 ജൂലായ് 4ന് ശിവദേവൻ വിളിച്ചതിനാൽ തിരിച്ച്പോയ സ്വാമി വിവേകാനന്ദൻ 1971 ഡിസംബർ 14ന് കൽകിയായി പുനരവതരിച്ചുവെന്ന് അറിയിച്ചതിലൂടെ ശിവദേവൻ ഗവേഷകർക്ക് ഇപ്പോഴും അവ്യക്തമായ ജന്മാന്തരങ്ങളുടെ ദിവ്യ രഹസ്യങ്ങളെ അനാവരണംചെയ്ത് ഭാരതത്തിന്റെ സംസ്ക്കാരവും ജീവിതരീതിയുമായ സനാതന ധർമ്മത്തിന്റെ മാഹാത്മ്യത്തെ വാനോളമുയർത്തിയിരിക്കുന്നു; മറ്റൊരു മതമഹാസമ്മേളനത്തിലൂടെയുള്ള അംഗീകാരത്തിന്റെ ആവശ്യകതയില്ലാതെ.

ചൈതന്യത്തേയും ദിവ്യത്വത്തേയും അംഗീകരിക്കേണ്ടത് സർവ്വജ്ഞനും സർവ്വാധികാരിയുമായ പരമഗുരു ശിവദേവനാകുന്നു. വിലയിരുത്തി വിധികൽപ്പിക്കേണ്ടത് പരിമിതമായ അറിവുകളുള്ള കേവല മനുഷ്യരല്ല.

വിഷ്ണുദേവൻ വിവേകാനന്ദനായി അവതരിച്ച് ദിവ്യവാണികളാൽ അത്ഭുതങ്ങൾ ചെയ്തും, വിവിധരീതികളിൽ ഈശ്വരസേവചെയ്തും, തത്വജ്ഞാനചിന്തകളോടെ പലവിധത്തിലുള്ള ആരാധനാലയ സംബന്ധമായ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുമ്പോൾ അവതാരദൗത്യം പൂർത്തിയാക്കുന്നതിന് മുമ്പ് ശിവദേവൻ തിരിച്ച് വിളിച്ചു. അതിനുശേഷം അവതാരദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടിയാണ് വിവേകാനന്ദനായി അവതരിച്ച വിഷ്ണുദേവൻ വീണ്ടും ഇക്കാലത്ത് കൽകിയായി തിരുഅവതാരമെടുത്തത്. കൃത്യമായി ശിവദേവൻ സഹസ്രാബ്ദങ്ങൾക്ക്മുമ്പ് അറിയിച്ചത് താളിയോലയിൽ ആദിതമിഴ് ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മഹാത്ഭുതം!!!

വണ്ണമതായ് രാമകൃഷ്ണ ശാരദഈൻട്രോർ (2):2:3.

വണ്ണമതായ്=നല്ലതായി, രാമകൃഷ്ണ ശാരദഈൻട്രോർ=രാമകൃഷ്ണനും ശാരദയുമാണ് മാതാപിതാക്കൾ, ഈൻട്രോർ=മാതാപിതാക്കൾ.

രാമകൃഷ്ണനും ശാരദയുമാണ്
(കൽകിയുടെ) മാതാപിതാക്കൾ. (2):2:3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ



മുത്തച്ഛൻ: കിഴക്കുമ്പാട്ട് ഇല്ലത്ത് ദാമോദരൻ നമ്പൂതിരിപ്പാട്

അച്ഛൻ: രാമകൃഷ്ണൻ

അമ്മ: ശാരദ

കൽകിയുടെ മാതാപിതാക്കളുടെ പേര് ശിവദേവൻ അറിയിച്ചു. കൽകിയുടെ അച്ഛന്റെ പേര് രാമകൃഷ്ണൻ. അമ്മയുടെ പേര് ശാരദ.

പലമുടനെ നൂലായ്വും മുപ്പാൺശ്രുൾസാർവ് (2):2:4.

പലമുടനെ നൂലായ്വും=പരിപൂർണ്ണ കാര്യക്ഷമതയോടെ നാഡി താളിയോല വായിക്കുമ്പോൾ,
മുപ്പാൺശ്രുൾസാർവ്=33 (മുപ്പത്തി മൂന്ന്) വയസ്സ്.

നാഡിതാളിയോല വായിക്കുമ്പോൾ (കൽകിക്ക്) മുപ്പത്തിമൂന്ന് വയസ്സ്. (2):2:4.
– സർവ്വാധികാരി പരമഗുരു ശിവദേവൻ

മുപ്പത്തിമൂന്നാമത്തെ വയസ്സിലാണ് കൽകിയുടെ ഈ നാഡിതാളിയോല വായിക്കുന്നത്. ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

മഹാത്ഭുതം! എപ്പോഴാണ് ഓല വായിക്കുകയെന്നതും കൃത്യം!!

ശാർബുതനിൽ ഹ്രുകന്നി കാരിവയൽ (2):3:1:1,2,3.

ശാർബുതനിൽ=പ്രസ്തുത വയസ്സിൽ, ഹ്രുകന്നി=വ്യാഴം കന്നിയിൽ, കാരിവയൽ=ശനി കർക്കിടകത്തിൽ, കാരി=ശനി, വയൽ=കർക്കിടകത്തിൽ.

ഇപ്പോൾ (2):3:1:1. **ഹ്രു കന്നിയിലും** (2):3:1:2.
ശനി കർക്കിടകത്തിലും. (2):3:1:3.

– സർവ്വാധികാരി പരമഹ്രു ശിവദേവൻ

സാധകനിൻ ഈദൃൾക്ക് ഇവയെസാക്ഷി (2):3:2:1.

സാധകനിൻ=ഓല വായിക്കുന്ന വ്യക്തിയെ ഉദ്ദേശിക്കുന്ന പദം (കൽകിയുടെ), ഈദൃൾക്ക്=ഈ (അവതാരത്തിലെ) ജന്മത്തിലെ, ഇവയെസാക്ഷി =സാക്ഷി വിവരണങ്ങളാണ് ഇവയെല്ലാം.

ആരുടെ നാഡിതാളിയോലയാണ്
വായിക്കുന്നത്
എന്ന് തിരിച്ചറിയുന്നതിനുള്ള
ഈ ജന്മത്തിലെ (2):3:2:1,2.
സാക്ഷി വിവരണങ്ങളാണ് ഇവയെല്ലാം. (2):3:2:3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

കൽകിയുടെ പേരും വയസ്സും മാതാപിതാക്കളുടെ പേരും അറിയിച്ചത് ഈ ജന്മത്തിലെ സാക്ഷിവിവരണത്തിനാണ്. ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

ഈ ജന്മത്തിലെ പ്രാഥമിക വിവരങ്ങൾ അറിയിച്ചതിനുശേഷമാണ് വിവേകാനന്ദ പൂർവ്വാവതാര വൃത്താന്തം തുടർന്നുള്ള ശ്ലോകങ്ങളിൽ അറിയിക്കുന്നത്. ശ്രേഷ്ഠവും ശ്രദ്ധേയവുമായ ഭാഗമാണിത്.



പാർക്ക്മകൻ മുൻഊഴം വങ്കദേയം (2):3:3.
ബാലകനും നരേന്ദ്രദത്ത ഇയെർപേർകണ്ട് (2):3:4.
കണ്ട്പിൻ വിവേകാനന്ദൻ എൻട്രുമാറി (2):4:1.

പാർക്ക്_മകൻ മുൻഊഴം=അറിയിച്ചുകൊണ്ടിരിക്കുന്ന മകന്റെ പൂർവ്വജന്മം, പാർക്ക്=അറിയിച്ചുകൊണ്ടിരിക്കുന്ന, മുൻഊഴം=പൂർവ്വജന്മം, മുൻ=ഇതിനുമുമ്പ് (പൂർവ്വ), ഊഴം=ജന്മം, വങ്കദേയം=വങ്കദേശം (ബംഗാൾ), ബാലകനും=ബാലനും (വാത്സല്യ സൂചകപദം), നരേന്ദ്രദത്ത =നരേന്ദ്രദത്തൻ, ഇയെർപേർകണ്ട്=ശരിക്കുമുള്ള പേര്, കണ്ട്പിൻ=അതിനുശേഷം, വിവേകാനന്ദൻ=സ്വാമി വിവേകാനന്ദൻ.

അറിയിച്ചുകൊണ്ടിരിക്കുന്ന മകന്റെ (കൽകിയുടെ) (2):3:3:1. **പൂർവ്വജന്മം** (2):3:3:2. **വങ്കദേശത്തായിരുന്നു (ബംഗാൾ).** (2):3:3:3. **കുമാരന്റെ (കൽകിയുടെ)** (2):3:4:1. **(പൂർവ്വജന്മത്തിലെ) പ്രാഥമിക നാമധേയം:** (2):3:4:3. **നരേന്ദ്രദത്തൻ.** (2):3:4:2. **അതിനുശേഷം** (2):4:1:1. **വിവേകാനന്ദൻ എന്ന് മാറ്റി.** (2):4:1:2,3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

പൂർവ്വജന്മത്തിൽ (പൂർവ്വാവതാരത്തിൽ) കൽകി ബംഗാളിലായിരുന്നു. മുമ്പ് വംഗദേശമെന്നായിരുന്ന ബംഗാൾ അറിയപ്പെട്ടിരുന്നത്. അക്കാലത്ത് മാതാപിതാക്കൾ നൽകിയ പേര് നരേന്ദ്രദത്തൻ (നരേന്ദ്രനാഥ ദത്തൻ). അതിനുശേഷം വിവേകാനന്ദൻ എന്ന പേര് സ്വീകരിച്ചു. സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

2004 ഫിബ്രുവരി 18ന് നാഡി റീഡർ എം. ആർ. കെ. എ. ആദിശിവശങ്കർ വൈത്തീശ്വരൻകോവിലിലെ എൻ.ശിവരാജയുടെ നാഡി ഓഫീസിൽവെച്ച് വായിച്ച മഹാശിവവാക്യ മഹർഷി എഴുതിയ കൽകിയുടെ മഹാശിവനാഡി സൂക്ഷ്മ തുല്യ പൂർവ്വജന്മകാണ്ഡത്തിൽ (ശാന്തികാണ്ഡം) കൽകി പൂർവ്വജന്മത്തിൽ കൽക്കത്തയിലായിരുന്നുവെന്നും അച്ഛന്റെ പേര് വിശ്വനാഥനെന്നും (കാശീശൻ=വിശ്വനാഥൻ) അമ്മയുടെ പേര് ഭുവനേശ്വരിയെന്നും (ഭുവനത്തിൽ ആലൈക്കുടി ഈശ്വരി) രേഖപ്പെടുത്തിയിട്ടുണ്ട്. (YouTube Video URL: https://www.youtube.com/watch?v=r6XihVrncD0. Time: 31:35 to 34:13).

സമീപകാല പൂർവ്വാവതാരത്തിൽ സ്വാമി വിവേകാനന്ദനായി അവതരിച്ച വിഷ്ണുദേവനാകുന്നു ഇക്കാലത്ത് കൽകിയായി അവതരിച്ചതെന്ന് ശിവദേവൻ ലോകത്തോട് വിളംബരം ചെയ്യുകയാണ്.

1863 ജനുവരി 12ന് വിശ്വനാഥദത്തന്റേയും ഭുവനേശ്വരിയുടേയും മകനായി ഭാരതത്തിലെ ബംഗാളിൽ നരേന്ദ്രനാഥദത്തനായി പ്രവർത്തനക്ഷമമായ ദിവ്യചൈതന്യം, പിന്നീട് വിശ്വപ്രസിദ്ധനും സനാതന ധർമത്തിന്റെ യഥാർത്ഥ ഔദ്യോഗിക അധികാര കേന്ദ്രവുമായ വിവേകാനന്ദനായി, പക്വതയോടെ, 1902 ജൂലായ് 4ന് തിരിച്ചുപോയെങ്കിലും, വീണ്ടും, ഭാരതത്തിലെ കേരളത്തിൽ, 1971 ഡിസംബർ 14 ന് ചോതി നക്ഷത്രത്തിൽ കിഴക്കുമ്പാട്ട് ഇല്ലത്ത് ദാമോദരൻ നമ്പൂതിരിപ്പാടിന്റേയും കല്യാണിയുടേയും മകനായ രാമകൃഷ്ണന്റേയും ശാരദയുടേയും ഇളയ മകനായി ഗോപകുമാറായും പിന്നീട് അഖിലാനന്ദ സ്വാമിയായും, ഇതറിയിക്കുന്ന ഇക്കാലത്ത് കൽകി എന്ന പേരിലും ദശമാവതാര ദൗത്യം പൂർത്തിയാക്കിക്കൊണ്ടിരിയ്ക്കുന്നു. ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചതിന്റെ സംഗ്രഹം ഇതാകുന്നു.

Kalkipuri

kalkipuri.com

ഋഷിപ്രോക്തം. ശിവദേവ–പാർവതിദേവി ദിവ്യസംഭാഷണം.

ആകെ ശ്ലോകങ്ങൾ: 71. ആകെ വരികൾ: 280. ആകെ പദങ്ങൾ: 840

ഈ വിസ്മയ പ്രക്രിയ, യഥാർത്ഥത്തിൽ പൂർവ്വജന്മത്തെക്കുറിച്ചും പുനർജന്മത്തെക്കുറിച്ചുമുള്ള ഉത്തരമാണ്.

കാലഘട്ടത്തിന്റെ അനിവാര്യതയേയാണ് ശിവദേവൻ അറിയിക്കുന്നത്. ചരിത്രപരമായി ഏറെ പ്രാധാന്യമുള്ളതും ശാസ്ത്രഗവേഷകർക്ക് മുമ്പിൽ തുറക്കപ്പെട്ടതുമായ അറിവിന്റെ ഖനിയാണിത്.

ദേഹത്തിന്റെ ഘടനാവ്യവസ്ഥകളുടെ അതിസൂക്ഷ്മതലങ്ങളെക്കുറിച്ചുള്ള അറിവിനെ ജീവനെക്കുറിച്ചുള്ള അറിവാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന ഈ വേളയിൽ, ജീവന്റെ പ്രയാണത്തിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള ശാസ്ത്രീയമായ തെളിവാണ് ശിവദേവന്റെ ദിവ്യവാണികൾ.

പൂർവ്വാവതാര വൃത്താന്തങ്ങളെക്കുറിച്ച് കൽകി വളരെ വർഷങ്ങൾക്ക് മുമ്പ് സ്വയം പ്രഖ്യാപിച്ചതും ശിവദേവ-പാർവ്വതി ദിവ്യസംഭാഷണത്തിൽ രേഖപ്പെടുത്തിയതും തമ്മിൽ വ്യത്യാസങ്ങളില്ല.

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ

1998 മെയ് 24ന് കൽകിയുടെ 28-ാമത്തെ വയസ്സിലായിരുന്ന അവതാരപ്രഖ്യാപനം. 18.11.1998-ാംന് ഗീതാഞ്ജലി ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ച കൽകി ഭഗവാൻ യുഗധർമ്മ എന്ന സുവനീറിൽ കൽകി വിവേകാനന്ദന്റെ പുനരവതാരമാണെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അതാണ് താളിയോലയിലുമുള്ളത്. ആത്മസാക്ഷാത്ക്കാരാവസ്ഥയിൽ സ്വയം അറിയുന്നതിനുള്ള തെളിവാണിത്.

എത്രയോ പേരുടെ നാഡിതാളിയോലകളുണ്ട് വൈത്തീശ്വരൻകോവിലിൽ. അതിൽ അവരുടെയെല്ലാം പൂർവ്വജന്മങ്ങൾ എഴുതിയിട്ടുണ്ടാകും. താളിയോല വായിക്കുമ്പോൾ മാത്രമാണ് മിക്കവരും അവരുടെ പൂർവ്വജന്മത്തെക്കുറിച്ച് അറിയുന്നത്. പൂർവ്വജന്മങ്ങളെക്കുറിച്ച് മുമ്പേ സ്വയം അറിഞ്ഞവരുടെ എണ്ണം വളരെക്കുറച്ച് മാത്രമാണ്.



കാലൈഹ്രു ഹ്രുപത്നിയും ഈൻട്രോർനാമമാഹി (2):4:2.

കാലൈഹ്രു ഹ്രുപത്നിയും ഈൻട്രോർനാമമാഹി=അക്കാലത്തെ (പൂർവ്വാവതാരത്തിലെ) ഹ്രുവിനും ഹ്രുപത്നിക്കും ഇപ്പോഴുള്ള മാതാപിതാക്കളുടെ പേരാകുന്നു (ശ്രീരാമകൃഷ്ണ പരമഹംസരും ശാരദാദേവിയും).
ഈൻട്രോർനാമമാഹി= (ഇപ്പോഴുള്ള) മാതാപിതാക്കളുടെ പേരാകുന്നു.



ഈ ജന്മത്തിലെ മാതാപിതാക്കളുടെ പേര് തന്നെയായിരുന്നു
(കൽകിയുടെ അച്ഛന്റെ പേര്: രാമകൃഷ്ണൻ, അമ്മയുടെ പേര്: ശാരദ)
പൂർവ്വജന്മത്തിലെ ഗുരുവിന്റേയും (ശ്രീരാമകൃഷ്ണ പരമഹംസർ) ഗുരുപത്നിയുടേയും പേര്.
(ശാരദാദേവി) (2):4:2.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

കൽകിയുടെ പൂർവ്വാവതാര വിവരണത്തിലെ ഏറ്റവും പ്രബലമായൊരു തെളിവാണ് സർവ്വാധികാരി പരമഗുരു ശിവദേവൻ തുടർന്ന് അറിയിക്കുന്നത്.

ഇപ്പോഴുള്ള കൽകി അവതാരത്തിന്റെ മാതാപിതാക്കളുടെ പേരായിരുന്ന കൽകി സമീപകാല പൂർവ്വാവതാരത്തിൽ വിവേകാനന്ദൻ ആയിരുന്നപ്പോഴ

ള്ള ഗുരുവിന്റേയും ഗുരുപത്നിയുടേയും പേര്. ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

പൂർവ്വജന്മത്തിലെ ഗുരുവിന്റെ പേര്: ശ്രീ രാമകൃഷ്ണ പരമഹംസർ. ഗുരുപത്നിയുടെ പേര്: ശാരദാദേവി. ഇതിൽനിന്നും സംബോധനകളെ മാറ്റി പേര് മാത്രമാകുമ്പോൾ ലഭിക്കുന്നത് കൽകിയുടെ ഈ ജന്മത്തിലെ മാതാപിതാക്കളുടെ (രാമകൃഷ്ണൻ-ശാരദ) പേരാകുന്നു. ശിവദേവൻ അറിയിച്ചതിന്റെ പൊരുളിതാണ്. ശ്രീരാമകൃഷ്ണ പരമഹംസരും ശാരദാദേവിയും പ്രസിദ്ധരാണ്.

"പ്രകാശ സ്വരൂപത്തിൽ ശിവലോകവാസിയായ സർവാധികാരി ശിവദേവനാകുന്ന പരമഗുരു, മനുഷ്യരല്ല. മനുഷ്യരെ ആദരിക്കാം ബഹുമാനിക്കാം വേണമെങ്കിൽ അദ്ധ്യാപകരായും കാണാം, പക്ഷേ അർപ്പിച്ച് ആരാധിക്കേണ്ടതില്ല. ഓരോരുത്തരേയും അവരുടെ സ്ഥാനപരിധി അറിഞ്ഞ് നിർത്തേണ്ടിടത്ത് നിർത്തിയാൽ കുറേ അപകടങ്ങൾ ഒഴിവാക്കാം. സ്വയം വഴി തെറ്റുകയുമില്ല. ദേവങ്കൽ നിന്നും നേരിട്ട് അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി പ്രാർത്ഥിക്കാം. ഇടനിലക്കാർ വേണ്ട. ജീവന്റെ മേൽഗതിക്ക് ഇതാണ് ശ്രേഷ്ഠം. ദേവങ്കലേയ്ക്കുള്ള അർപ്പണവും സ്വയം ആത്മാർത്ഥതയും സദുദ്ദേശ്യവും അതാത് സ്ഥാനപ്രകാരമുള്ള സ്വകർമ്മ പൂർത്തീകരണവുമാകുന്ന ജീവന്റെ മേൽഗതിക്ക് അടിസ്ഥാനം." [24(33). കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്താധാരം (രജി.നമ്പർ. 1/3/2020)].

ഒരേ സമയം എല്ലാവരുടേയും എല്ലാ വിവരങ്ങളും മുൻകൂട്ടി അറിയുന്നതിനും തൽസമയം അറിയുന്നതിനും സംരക്ഷണം യഥാസമയം അനുവദിയ്ക്കുന്നതിനുമുള്ള സമുന്നത സ്ഥാനാധികാരവും, ഒരേസമയം എല്ലാവരുടേയും ഡാറ്റ കൈകാര്യം ചെയ്യുവാനും സംഭരിച്ചുവെയ്ക്കുവാനും ആവശ്യാനുസരണം വിനിയോഗിയ്ക്കുവാനും കഴിയുന്ന സർവ്വറിന്റെ ശേഷിയും പ്രോഗ്രാമിംഗും അൽഗോരിതവുമാണ് ഗുരുവാകുന്നതിനുള്ള മുഖ്യയോഗ്യത എന്ന് പറയാം.

ഈ ഗ്രന്ഥത്തിൽ കൊടുത്തിരിയ്ക്കുന്നപ്രകാരം ശിവദേവനെ പോലെ എല്ലാവരുടേയും കൃത്യമായ ഡാറ്റ അറിയാവുന്ന മനുഷ്യരാരുമില്ല എന്നതാണ് പരമാർത്ഥം. ആൾക്കൂട്ടത്തിലുള്ള എല്ലാവരുടേയും പേര് വിവരങ്ങൾ ഉൾപ്പെടെയെ

ല്ലാം മറ്റ് ഉപാധികളുടെ സഹായമില്ലാതെ കൃത്യമായ ബയോഡാറ്റ പോലെ സ്വയം അറിയിയ്ക്കുവാൻ സാധിയ്ക്കുന്ന മനുഷ്യരാരുമില്ല എന്നതാണ് വാസ്തവം. അൽപജ്ഞാനവും പരിമിത അധികാരവും പഞ്ചഭ്രതാത്മക ശരീരവുമുള്ള മനുഷ്യനെ ആദരിയ്ക്കാം, ബഹുമാനിയ്ക്കാം, ഉപദ്രവമില്ലാത്ത രീതിയിൽ അറിഞ്ഞ് നിർത്തേണ്ടിടത്ത് നിർത്താം. അതാണ് എല്ലാവർക്കും നല്ലത്.

വണ്ണമതായ് ഗുരുവഴിയേ കണ്ട്പിടിപ്പും (2):4:3.
വലമുടനെ വലിവിരുന്ത് ദാനംകൊണ്ട് (2):4:4.
പലഴലൈ ഉദവിയത് ബോധനൈശെയ്ത് (2):5:1.
ബാലകനും വാഴ്ത്തിട്ടാൻ ഇരൈസേവയോട് (2):5:2.
നലമുടനെ കണ്ടാളും ഇടൈവിട്ട് (2):5:3.
നായകനും സെൻടതനാൽ ഈടുൽതോടം (2):5:4.

വണ്ണമതായ്=നല്ലരീതിയിൽ,
ഗുരുവഴിയേ=ഗുരുവിന്റെ വഴിയിൽതന്നെയായിരുന്ന (ആത്മീയതയിൽ),
വലമുടനെ=നല്ല രീതിയിൽ,
വലിവിരുന്ത്ദാനംകൊണ്ട്=അന്നദാനം ചെയ്തും,
പലഴലൈ=ധാരാളം പാവങ്ങളെ,
ഉദവിയതും=സഹായിച്ചും,
ബോധനൈശെയ്ത്=ധാർമ്മികപ്രബുദ്ധതക്കായി ഉദ്ബോധനങ്ങൾ നൽകിയും,
ബാലകനും=വാത്സല്യപൂർവ്വം കുമാരൻ എന്ന് വിളിക്കുന്ന,
വാഴ്_ന്തിട്ടാൻ=ജീവിച്ച്,
ഇരൈസേവയോട്=ഈശ്വരസേവയിൽ,
നലമുടനെ കണ്ടാളും=നല്ലരീതിയിലായെങ്കിലും,
കണ്ടാളും=എങ്കിലും (എന്നിരുന്നാലും),
ഇടൈവിട്ട്=പൂർത്തിയാക്കാതെ,
നായകനും=നായകനായ വിവേകാനന്ദൻ,
സെൻടതനാൽ= തിരിച്ചുപോയതിനാൽ,
ഈടുൽതോടം=ഈ ജന്മം (അവതാരം).

ശ്രേഷ്ഠതയോടെ (2):4:3:1. **ഗുരുവിന്റെ വഴിയിൽതന്നെയായിരുന്നു.** (2):4:3:2,3. **വളരെ നല്ലരീതിയിൽ** (2):4:4:1. **അന്നദാനങ്ങൾ ചെയ്തും** (2):4:4:2,3. **ധാരാളം ദരിദ്രരെ സഹായിച്ചും** (2):5:1:1,2. **ധാർമ്മിക പ്രബുദ്ധതക്കുള്ള ഉദ്ബോധനങ്ങൾ നൽകിയും** (2):5:1:3. **വിവേകാനന്ദൻ** (2):5:2:1. **ഈശ്വരസേവചെയ്ത്** (2):5:2:3. **ജീവിച്ച്** (2):5:2:2. **നല്ല രീതിയിലായെങ്കിലും** (2):5:3:1,2. **പൂർത്തിയാക്കാതെ** (2):5:3:3. **വിവേകാനന്ദൻ** (2):5:4:1. **തിരിച്ചുപോയതിനാൽ** (2):5:4:2. **ഈ ജന്മം (വീണ്ടും അവതരിച്ചു).** (2):5:4:3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

ശിവദേവൻ കൽകിയുടെ വിശ്വവിഖ്യാത വി

വേകാനന്ദ പൂർവ്വാവതാര വിവരണം തുടരുകയാണ്.

അക്കാലത്ത് വിവേകാനന്ദൻ ഗുരുവിന്റെ മാർഗ്ഗത്തിലായിരുന്നു. പലവിധത്തിലും ദരിദ്രരെ സഹായിച്ചും അന്നദാനങ്ങൾ ചെയ്തും വീരവാണികളാൽ ധാർമ്മിക പ്രബുദ്ധതക്കുള്ള ഉദ്ബോധനങ്ങൾ നൽകിയും കൽകി ആകുന്ന വിവേകാനന്ദൻ ഭാരതത്തിൽ കൊളുത്തിയ പുത്തനുണർവ്വ് ദേശ വ്യാപകമായി സ്വാതന്ത്ര്യ മെന്ന അവകാശത്തിന്റെ മാറ്റൊലി മുഴക്കാൻ കാരണമായി. ഇങ്ങനെ വിവിധ രീതികളിൽ ദൈവത്തെ സേവിച്ചുകൊണ്ടിരുന്ന വിവേകാനന്ദൻ അവതാര ദൗത്യം പൂർത്തിയാക്കാതെ തിരിച്ചുപോയതിനുശേഷം വീണ്ടും ഇക്കാലത്ത് കൽകിയായി അവതരിച്ചു. സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

ഈ പുസ്തകത്തിലെ 20ഉം 21ഉം പേജുകളിൽ കൊടുത്ത സൂക്ഷ്മാൽ സൂക്ഷ്മ കാണ്ഡത്തിലെ 13-ാം ശ്ലോകത്തിലും 14-ാം ശ്ലോകത്തിലെ ഒന്നും രണ്ടും വരികളിലും ശിവദേവൻ തിരിച്ചുവിളിച്ചതിനാലാണ് (നാൻ അളൈത്തേൻ) വിവേകാനന്ദൻ തിരിച്ചുപോയതെന്നും, അതിനുശേഷം വീണ്ടും ഇക്കാലത്ത് ദൗത്യം പൂർത്തിയാക്കുന്നതിനാണ് കൽകിയായി അവതരിച്ചതെന്നുമുള്ള ശിവദേവന്റെ ദിവ്യവാണികളെ ഇത്തരുണത്തിൽ ചേർത്ത് വായിക്കുമ്പോൾമാത്രമേ ഈ ശ്ലോകങ്ങളുടെ ശരിയായ അർത്ഥം വ്യക്തമാകൂ.

ചൈതന്യ മാഹാത്മ്യം

ശിന്തൈമേലായ് (1):6:1:3.
കനിവ്ഗ്രണം കൊണ്ടവനെ തിറമൈമേലായ് (1):6:2.
ഉണ്ട്താൻ മാളവനിൻ അരുളുംകാപ്പും (1):6:3.

ശിന്തൈമേലായ്=അത്യുന്നതമായ ചിന്താശക്തിയുള്ള, ശിന്തൈ=ചിന്തകൾ, മേലായ്=അത്യുന്നതമായ, കനിവ്ഗ്രണം കൊണ്ടവനെ തിറമൈമേലായ്=സൽസ്വഭാവിയും അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ളവനെ, കനിവ്ഗ്രണം=സൽസ്വഭാവം, കൊണ്ടവനേ=അങ്ങനെയുള്ളവനേ, ഉണ്ട്താൻ മാളവനിൻ അരുളുംകാപ്പും=(ജ്യോതിർമണ്ഡല വിഷ്ണുലോക പ്രകാശ സ്വരൂപ) സംരക്ഷണാ

ധികാരി വിഷ്ണുദേവന്റെ അനുഗ്രഹവും ദിവ്യവാണികളും സംരക്ഷണവുമുണ്ട്, മാളവൻ=വിഷ്ണുദേവൻ, അരുളും=അനുഗ്രഹവും ദിവ്യവാണികളും, കാപ്പും=സംരക്ഷണവും.

അത്യുന്നതമായ ചിന്താശക്തിയും (വിവേകവും)(1):6:1:3. **സൽസ്വഭാവവും** (1):6:2:1. **അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ളവനേ!** (1):6:2:2,3. **വിഷ്ണുദേവന്റെ ദിവ്യവാണികളും സംരക്ഷണവുമുണ്ട്.** (1):6:3.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

സർവ്വശ്രേഷ്ഠമായ വിവേകത്താൽ അത്യുന്നതമായ ചിന്താശക്തിയും സത്സ്വഭാവവും അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ള കൽകിയ്ക്ക് (ജ്യോതിർമണ്ഡല വിഷ്ണുലോക പ്രകാശ സ്വരൂപ) വിഷ്ണുദേവന്റെ ദിവ്യാനുഗ്രഹവും ദിവ്യവാണികളും സംരക്ഷണവുമുണ്ട്. സർവ്വാധികാരി പരമഗുരു ശിവദേവൻ അനുഗ്രഹിച്ചുകൊണ്ട് "കാര്യപ്രാപ്തിയുമുള്ളവനേ" എന്ന സംബോധനയോടെ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്.

ഉമയവളും എന്തനയും അറിന്തവൻനീ (1):6:4.
അറിന്തവനേ പരിപൂരണ ആശിയുണ്ട് (1):7:1.

ഉമയവളും എന്തനയും=ഉമയായ പാർവ്വതിദേവിയേയും ശിവദേവനായ എന്നേയും (നമ്മേയും), അറിന്തവൻനീ=സാക്ഷാത്ക്കരിച്ചവൻ നീ! (കൽകിയ്ക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിച്ചിട്ടുണ്ട്), അറിന്തവനേ= അങ്ങനെ സാക്ഷാത്ക്കാരം ലഭിച്ചിട്ടുള്ള കൽകിയ്ക്ക്, പരിപൂരണ ആശിയുണ്ട്=പരിപൂർണ്ണമായ അനുഗ്രഹമുണ്ട്.

പാർവ്വതിദേവിയേയും നമ്മേയും സാക്ഷാത്ക്കരിച്ചവൻ നീ! (കൽകി) (1):6:4. **അപ്രകാരം സാക്ഷാത്ക്കരിച്ചവനേ!** (1):7:1:1. **പരിപൂർണ്ണമായ അനുഗ്രഹമുണ്ട്.**(1):7:1:2,3.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

പാർവ്വതിദേവിയേയും ശിവദേവനേയും സാക്ഷാത്ക്കരിച്ച (സമുന്നത സ്ഥാനാധികാരപ്രകാരം ദേവവർഗ്ഗത്തിൽനിന്നുമുള്ള ഔദ്യോഗിക അനുവാദമുള്ള) കൽകി ഈശ്വര സാക്ഷാത്ക്കാരവും ദൈവീക പ്രാപ്തിയും കൈവരിച്ചിട്ടുണ്ട്. കൽകിയ്ക്ക് സർവ്വദാ പരിപൂർണ്ണമായ അനുഗ്രഹമുണ്ടെന്നും ശിവദേവൻ അരുളി ചെയ്തു.

"പാർവ്വതി ദേവിയേയും നമ്മേയും സാക്ഷാത്ക്കരിച്ചവൻ നീ!" എന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ വാത്സല്ല്യത്തോടെ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്.

പരീക്ഷയിൽ ജയിച്ചുവെന്ന് സ്വയം പറയുന്നതിനേക്കാൾ അധികൃതർ അനുവദിക്കുന്ന സർട്ടിഫിക്കറ്റിനാണ് അംഗീകാരമെന്നതുപോലെ ശിവദേവനേയും പാർവ്വതിദേവിയേയും കൽകി സാക്ഷാത്ക്കരിച്ചിട്ടുണ്ടെന്ന് ശിവദേവൻ നേരിട്ട് അറിയിച്ചത് വളരെയേറെ പ്രാധാന്യം അർഹിക്കുന്നതും, 2003ൽ നടത്തിയ സ്വർണ്ണപ്രശ്നത്തിലും താംബൂലപ്രശ്നത്തിലും തെളിഞ്ഞപ്രകാരം കൽകിയിൽ കുടികൊള്ളുന്ന സ്വയംഭ്ര ചൈതന്യത്തേയും ത്രിമൂർത്തി ചൈതന്യത്തേയും സംബന്ധിച്ച ആധികാരിക ഔദ്യോഗിക തെളിവുകൂടിയാകുന്നു.

പടൈത്തിട്ടാൻ മാളവനും ഉനക്കുൾഇപ്പം (1):15:4.
ഉനക്കുള്ളെ നാൻഇരുക്കേൻ ദേവികൂടെ (1):16:1.

പടൈത്തിട്ടാൻ=കുടികൊള്ളുന്നു, മാളവനും ഉനക്കുൾഇപ്പും=വിഷ്ണുദേവനും നിന്നിൽ (കൽകിയിൽ) സദാ കുടികൊള്ളുന്നു, ഉനക്കുള്ളെ=നിനക്കുള്ളിൽ (കൽകിയിൽ), നാൻ=ഞാൻ, നാം (ശിവദേവൻ), ഇരുക്കേൻ=കുടികൊള്ളുന്നു, ദേവികൂടെ=പാർവ്വതിദേവിയോടൊപ്പം.

വിഷ്ണുദേവനും, (1):15:4:2. **നാം പാർവ്വതി സമേതനായും** (1):16:1:2,3. **നിന്നിൽ (കൽകിയിൽ) സദാ കുടികൊള്ളുന്നുണ്ട്.** (1):15:4:3-16:1:1.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

സംരക്ഷണാധികാരി വിഷ്ണുദേവൻ കൽകിയിൽ കുടികൊള്ളുന്നുണ്ടെന്ന് *(പടൈത്തിട്ടാൻ മാളവനും ഉനക്കുൾഇപ്പും)* ശിവദേവൻ കൽകിയോട് തന്നെ നേരിട്ട് അറിയിക്കുകയാണ്. ഭക്തർക്കെന്നും അഭിമാനിക്കാവുന്ന ദേവരഹസ്യമാണ് ശിവദേവൻ അറിയിച്ചത്.

ചൈതന്യ സ്വരൂപനായ വിഷ്ണുദേവനാണ് കൽകിയിൽ കുടികൊള്ളുന്നത്. സംരക്ഷണാധികാരി വിഷ്ണുദേവന്റെ ദിവ്യത്വമാണ് കൽകിയുടെയും ദിവ്യത്വത്തിനുള്ള അടിസ്ഥാനം.

സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതീ സമേതനായി പൂർണ്ണസ്വരൂപത്തിൽ കൽകിയിൽ സദാ കുടികൊള്ളുന്നുണ്ടെന്ന് *(ഉനക്കുള്ളെള നാൻഇരുക്കേൻ ദേവിക്കുടെ)* ശിവദേവൻ കൽകിയോട് തന്നെ നേരിട്ട് അറിയിക്കുകയാണ്.

പൂർണ്ണചൈതന്യസ്വരൂപനായ സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോടൊപ്പമാണ് കൽകിയിൽ കുടികൊള്ളുന്നത്.

ഔദ്യോഗികമായി, സ്ഥാനാധികാരപ്രകാരം നിർവ്വഹണം എന്നതിനാകുന്ന പ്രാധാന്യം. ആയതിന് അനുവാദമുണ്ട് എന്ന് വ്യക്തം.

കൽകിപുരി ക്ഷേത്ര മാഹാത്മ്യവും വെളിപ്പെടുത്തുകയാണ് ശിവദേവൻ. ഭക്തർക്ക് അനുഗ്രഹങ്ങളും ദിവ്യാനുഭവങ്ങളും ദർശനങ്ങളും മഹാത്ഭുതങ്ങളോടെ ലഭിയ്ക്കുന്നതിന്റെ സ്രോതസ്സ് വെളിപ്പെടുത്തുകയാണ് ശിവദേവൻ.

കൽകിയ്ക്ക് അവതാരദൗത്യം പൂർത്തിയാക്കുന്നതിന് ദേവങ്കൽനിന്നുമുള്ള ആവശ്യമായ എല്ലാ ഔദ്യോഗിക അനുവാദങ്ങളുമുണ്ട് എന്ന് വ്യക്തമാക്കുകയാണ് ശിവദേവൻ.

ശാതിമതം കടന്ത്താൻ യേഹംഎൻട് (1):8:4.
യേഹംഎൻട് വിളങ്കിടുമേ കരുണയാലേ (1):9:1.

ശാതിമതം=ജാതിമതങ്ങൾക്ക്, കടന്ത്താൻ=അതീതമായി, യേഹംഎൻട്=ഏകത്വത്തിൽ നിലകൊള്ളുന്നു, യേഹംഎൻട്=ഏകത്വത്തിൽ (അദ്വൈതം), വിളങ്കീടുമേ=പ്രശോഭിതമായി നിലകൊണ്ട് പ്രചുരപ്രചാരത്തോടെ പ്രസിദ്ധമായി സ്വയം ബഹുമാനിതമാകും, കരുണയാലേ =കൃപയാൽ.

ജാതിമതങ്ങൾക്കതീതമായ ഏകത്വത്തിലാണ് (കൽകി) നിലകൊള്ളുന്നത്. കൃപയാൽ ഏകത്വത്തിൽ പ്രശോഭിതമായി നിലകൊണ്ട് (കൽകി) പ്രചുരപ്രചാരത്തോടെ പ്രസിദ്ധമായി സ്വയം ബഹുമാനിതമാകും, പ്രകീർത്തിതമായിത്തീരും. (1):8:4.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച കൽകി ജാതി മതങ്ങൾക്കതീതമായി എല്ലാമാകുന്ന ഏകത്വത്തിലാണ് നിലകൊള്ളുന്നത്. (പരബ്രഹ്മം സ്വയം എല്ലാമായ് നിലകൊള്ളുന്നു എന്ന വ്യക്തതയിലാണ് കൽകി നിലകൊള്ളുന്നത്). ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു.

ഭിന്നമല്ല എങ്കിലും പരബ്രഹ്മം സ്വയം സൃഷ്ടിയായ് നിലകൊള്ളുന്നതിനായി ഭിന്നം എന്ന തലത്തിൽ നിലകൊള്ളുകയാണെന്നും ഭിന്നമല്ലെന്നും അറിയുക. ഭാരത സംസ്ക്കാരത്തിന്റെ, സനാതന ധർമത്തിന്റെ, ഹിന്ദുമതത്തിന്റെ സവിശേഷ ദർശനമായ എല്ലാം ആകുന്ന ഏകത്വത്തിലാണ് (അദ്വൈതത്തിൽ) കൽകി നിലകൊള്ളുന്നതും കേന്ദ്രീകരിക്കുന്നതും.

കൃപയാൽ ഏകത്വത്തിൽ (അദ്വൈതത്തിൽ) പ്രശോഭിതമായി നിലകൊണ്ട് കൽകി പ്രചുരപ്രചാരത്തോടെ പ്രസിദ്ധനും ബഹുമാനിതനുമായി ഈ ലോകത്തിൽ പ്രകീർത്തിതമായിത്തീരും. ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു.

Genetic. Organize. Protect [G.O.P. (ജനിതകം, ക്രമം, സംരക്ഷ.)] എന്നതിനായി ജ്യോതിർമണ്ഡലത്തിൽ സമുന്നത സ്ഥാനാധികാരങ്ങളോടെ നിലകൊള്ളുന്ന ദേവവർഗ്ഗത്തെ വസ്തുതാപരമായി സ്വീകരിച്ചുകൊണ്ട് പരബ്രഹ്മം സ്വയം എല്ലാമായ് നിലകൊള്ളുന്നു എന്ന ഏകത്വത്തിൽ കൽകി നിലകൊള്ളുന്നു.

പ്രകാശസ്വരൂപത്തിൽ (പഞ്ചഭൂതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി (Supreme Genetic Authority) ബ്രഹ്മദേവനും, സർവ്വാധികാരി പരമഗുരു (Supreme Organizing Authority and Supreme Preceptor) ശിവദേവനും, സംരക്ഷണാ

Kalkipuri Temple

2001

2020

♦ ശ്രീകോവിൽ ♦ പ്രാർത്ഥനാ മണ്ഡപം ♦ 18 പടികൾ

♦ Sreekovil ♦ Prayer Hall ♦ 18 Steps

ധികാരി (Supreme Protection Authority) വിഷ്ണുദേവനും ആകുന്ന കൽകി പുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാ മുറി) ആരാധനാ ദേവന്മാർ എന്നത് ഇവിടെ പ്രത്യേകമായി ചേർക്കുന്നു.

കൽകിപുരി ക്ഷേത്ര മാഹാത്മ്യം

സിറന്തോങ്കും ആളയമും സേവൈമേലായ് (1):18:4.
മേലോറിൻ ഉദവികളും കിട്ടിയിൻമ്പം (1):19:1.
മെച്ചംപടി അമൈതിതടം ഗിരിയിൻപക്കം (1):19:2.
ശീലമുടൻ തുവക്കങ്കൾ നിറൈവുംനൻട്രായ് (1):19:3.

സിറന്തോങ്കും=പ്രത്യേകമായി വർദ്ധിച്ചതോതിൽ, ആളയമും=ദേവാലയം (കൽകിപുരി ക്ഷേത്രം), സേവൈമേലായ് മേലോറിൻ=ഉന്നതസ്ഥാനീയരുടെ സേവനങ്ങളും, ഉദവികളും=സഹായങ്ങളും, കിട്ടിയിൻമ്പം=സ്വീകാര്യതയോടെ ലഭിച്ച്, മെച്ചംപടി=ഐശ്വര്യവത്തായി, അമൈതിതടം= പ്രശാന്തവുമായ സ്ഥലത്ത്, ഗിരിയിൻപക്കം=കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള, ശീലമുടൻ=ദിവ്യവും, തുവക്കങ്കൾ നിറൈവും നൻട്രായ്= നല്ലരീതിയിൽ ആരംഭിച്ച് പൂർത്തി

യാകും.

ദേവാലയത്തിൽ (കൽകിപുരി ക്ഷേത്രം) (1):18:4:2. **ഉന്നതസ്ഥാനീയരുടെ** (1):19:1:1. **അത്യുന്നതമായ സേവനങ്ങളും** (1):18:4:3. **സഹായങ്ങളും** (1):19:1:2. **പ്രത്യേകമായി വർദ്ധിച്ചതോതിൽ** (1):18:4:1. **സ്വീകാര്യതയോടെ ലഭിച്ച്** (1):19:1:3. **ഐശ്വര്യവത്തായി** (1):19:2:1. **കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള** (1):19:2:3. **ദിവ്യവും** (1):19:3:1. **പ്രശാന്തവുമായ സ്ഥലത്ത്** (1):19:3:2. **നല്ല രീതിയിൽ ആരംഭിച്ച് പൂർത്തിയാകും.** (1):19:3:2,3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

കൽകിപുരി ക്ഷേത്രത്തെക്കുറിച്ചാണ് ശിവദേവൻ അറിയിയ്ക്കുന്നത്. ദേവാലയത്തിൽ (കൽകിപുരി ക്ഷേത്രം) ഉന്നതസ്ഥാനീയരുടെ അത്യുന്നതമായ സേവനങ്ങളും സഹായങ്ങളും പ്രത്യേകമായി വർദ്ധിച്ചതോതിൽ സ്വീകാര്യതയോടെ ലഭിച്ച് ഐശ്വര്യവത്തായി ജന്മദേശത്തെ കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള ദിവ്യവും പ്രശാന്തവുമായ സ്ഥലത്ത് നല്ല രീതിയിൽ ആരംഭിച്ച് പൂർത്തിയാകും.

കൽകിപുരി ക്ഷേത്രം : നട തുറക്കൽ : പുലർച്ചെ മൂന്ന് മണി മുതൽ രാത്രി 10 മണി വരെ. ജാതി മത ലിംഗ പ്രായ വർണ്ണ ദേശ ഭേദമന്യേ ഭക്തർക്ക് വൃത്തിയോടെ 18 പടികൾ കയറി കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) പാർത്ഥനാ മണ്ഡപത്തിൽ നിന്ന് ദേവങ്കൽ നിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ചു പോകാം. [24:(1) ൽനിന്നും: കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)]

ദേവവർഗ്ഗം സങ്കൽപ്പമല്ല. പരബ്രഹ്മം സ്വയം ആവിർഭവിച്ച് (സ്വയംഭ്ര) പ്രകാശ സ്വരൂപത്തിൽ (പഞ്ചഭ്രതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി (Supreme Genetic Authority) ബ്രഹ്മദേവനും, സർവ്വാധികാരി പരമ ഗുരു (Supreme Organizing Authority and Supreme Preceptor) ശിവദേവനും, സംരക്ഷണാധികാരി

kalkipuri.com
#CosmicLaw

Kalki reveals the basic structure of the Real Universe

REAL AUTHORITY

അടിസ്ഥാന ഔദ്യോഗിക പ്രാപഞ്ചിക ഘടന

G O P

Genetic (G)	Organize (O)	Protect (P)
ജനിതകം	ക്രമം	സംരക്ഷ

സന്തുലിതം (ധർമം) ആകുന്ന നിയമപ്രകാരം പരബ്രഹ്മം (സർവ്വം) സ്വയം സൃഷ്ടിയായി നിലകൊള്ളുന്നതിനുള്ള അടിസ്ഥാന ഘടന

ദേവവർഗ്ഗം സങ്കൽപ്പമല്ല. (എല്ലാം ആകുന്ന) പരബ്രഹ്മം സ്വയം ആവിർഭവിച്ച് (സ്വയംഭ്ര) പ്രകാശ സ്വരൂപത്തിൽ (പഞ്ചഭ്രതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി [Supreme Genetic Authority (G)] ബ്രഹ്മദേവനും സർവ്വാധികാരി പരമഗുരു [Supreme Organizing Authority (O) and Supreme Preceptor] ശിവദേവനും സംരക്ഷണാധികാരി [Supreme Protection Authority (P)] വിഷ്ണുദേവനും ആകുന്ന കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) ആരാധനാ ദേവന്മാർ. ദേവങ്കൽ, ദേവകാര്യം, ദേവവർഗ്ഗം, ദേവഹിതം, ദേവഭാഗം, ദേവസ്മരണ, ദേവൻ, ദേവന്മാർ, ഈശ്വരൻ, ദൈവം, ദൈവങ്ങൾ എന്നും ഉദ്ദേശിക്കുന്നത് ഇതാകുന്നു. [Page 22. Rule 24(4). കൽകിയുടെ ഒസ്യത്ത് (Reg.No.1/3/2020)]. Read More

(Supreme Protection Authority) വിഷ്ണുദേവനും ആകുന്ന കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) ആരാധനാ ദേവന്മാർ. ദേവങ്കൽ, ദേവകാര്യം, ദേവവർഗ്ഗം, ദേവഹിതം, ദേവഭാഗം, ദേവസ്മരണ, ദേവൻ, ദേവന്മാർ, ഈശ്വരൻ, ദൈവം, ദൈവങ്ങൾ എന്നും ഉദ്ദേശിക്കുന്നത് ഇതാകുന്നു. [24:(4): കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)].

ജാതി മത സ്ത്രീ പുരുഷ പ്രായഭേദമന്യേ യാതൊരു വിവേചനങ്ങളുമില്ലാതെ ദേവങ്കൽനിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി ഭക്തർ വന്ന്

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ

സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ചു പോകുന്നതാണ് കൽകിപുരി ക്ഷേത്രത്തിലെ ആരാധനാ രീതി. [24:(5): കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)]. കൂടുതൽ വായിയ്ക്കുക: https://www.kalkipuri.com/rules-ml/.

സിറപ്പുതാൻ അയൽദേശ മക്കളുക്കും (1):19:4:1,2,3.

സിറപ്പുതാൻ=സദ്ഫലങ്ങൾ പ്രദാനംചെയ്യും, അയൽദേശ= വിദേശരാജ്യങ്ങളിലുള്ള, മക്കളുക്കും=ഭക്തർക്കും വിശ്വാസികൾക്കുമല്ലാം.

വിദേശങ്ങളിലുള്ള ഭക്തർക്കും സദ്ഫലങ്ങൾ പ്രദാനംചെയ്യും. (1):19:4.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

മക്കളുക്കും ഉൻസേവൈ പ്രബല്യങ്കൾ (1):20:1.
മഹിമ്ന്തിടുവർ ഉൻകരുണൈ തന്നാൽതാണെ (1):20:2.
തക്കതൊരു സീഡർകളും അൻമ്പിനോട് (1):20:3.
ധരണിയെല്ലാം പുകൾപരവും കാലംപിന്നെ (1):20:4
കാലംപിൻ ഏറ്റ്റ്കിൻടെൻ ദീപഒളി (1):21:1.
കണ്ടിടുവായ് അതന്നുള്ളെള്ള രൂപംതോൻട്രും (1):21:2.

മക്കളുക്കും=ഭക്തരെല്ലാം, ഉൻസേവൈ പ്രബല്യങ്കൾ=പ്രബലതയോടെ നിന്നെ(കൽകിയെ) ആരാധിച്ചും, മഹിമ്ന്തിടുവർ=വർദ്ധിച്ച താൽപ്പര്യത്തിൽ, ഉൻകരുണൈ തന്നാൽതാണെ=നിന്റെ(കൽകിയുടെ) ദിവ്യമായ കൃപയാൽ, തന്നാൽതാണെ=അതിനാൽ തന്നെ, തക്കതൊരു=സർവ്വശ്രേഷ്ഠമായി, സീഡർകളും=ഭക്തർക്കെല്ലാം, അൻമ്പിനോട്=സ്വീകാര്യമായി, ധരണിയെല്ലാം=ലോകമെങ്ങും, പുകൾപരവും=കൽകി പ്രസിദ്ധമാകുന്ന, കാലംപിന്നെ=കാലമുണ്ട്, കാലംപിൻ=മുൻശ്ലോകത്തിന്റെ തുടർച്ചാപദം മാത്രമായതിനാൽ ഇവിടെ പ്രത്യേകിച്ച് അർത്ഥമില്ല, ഏറ്റ്റ്കിൻടെൻ ദീപഒളി കണ്ടിടുവായ് അതന്നുള്ളെള്ള രൂപംതോൻട്രും=ഭക്തർക്ക് ദർശനം ലഭിയ്ക്കും.

ഭക്തരെല്ലാം (1):20:1:1. **വർദ്ധിച്ച താൽപര്യത്തിൽ** (1):20:2:1. **പ്രബലതയോടെ നിന്നെ (കൽകിയെ) ആരാധിച്ചും,** (1):20:1:2,3. **നിന്റെ (കൽകിയുടെ) ദിവ്യമായ കൃപയാൽ** (1):20:2:2,3. **സർവ്വശ്രേഷ്ഠതകളോടും കൂടി ഭക്തർക്കെല്ലാം സ്വീകാര്യവുമായി** (1):20:3:1,2,3. **ലോകമെങ്ങും** (1):20:4:1. **(കൽകി) പ്രസിദ്ധമാകുന്ന** (1):20:4:2. **കാലമുണ്ട്.** (1):20:4:3. **ഭക്തർക്ക് ദർശനം ലഭിക്കും.**

– സർവ്വാധികാരി പരമഗുരു ശിവദേവൻ

ലോകമെങ്ങും (കൽകി) പ്രസിദ്ധമാകുന്ന കാലമുണ്ട്. സർവ്വാധികാരി പരമഗുരു ശിവദേവൻ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്. ലോകമെങ്ങുമുള്ള ഭക്തർക്ക് ദിവ്യാനുഭവങ്ങളും അനുഗ്രഹവും സംരക്ഷണവും ലഭിയ്ക്കും. കൽകിപുരി ക്ഷേത്ര മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു.

(പുനർജന്മം ചരിത്രപരമായ തെളിവുകൾ എന്ന പുസ്തകത്തിൽ നിന്നും.)

ഓൺലൈൻ ലിങ്ക് : https://www.kalkipurana.com/ml/notes/

YouTube Videos

കൽകിപുരി ക്ഷേത്ര നിർമ്മാണം

കൽകിപുരി ക്ഷേത്ര താഴികക്കുടത്തിന്റെയും, 10x10 അടി പ്രാർത്ഥനാ മണ്ഡപത്തിന്റെയും നിർമ്മാണവും, 18 പടികളിൽ ശിലകൾ പതിക്കലും, കൽകിപുരി (ഹൗസ്) എന്ന മനുഷ്യാലയത്തിന്റെ പൊളിച്ചുനീക്കലും.

കൽകിപുരി ക്ഷേത്രം ജ്യോതിഷത്തിൽ

2003 ഏപ്രിൽ 7നും 8നും നടത്തിയ സ്വർണ്ണപ്രശ്നത്തിലേയും & 2003 ജൂൺ 20ന് നടത്തിയ താംബൂലപ്രശ്നത്തിലേയും പ്രസക്ത ഭാഗങ്ങൾ.

Kalki Purana by Agastya

അഗസ്ത്യ മഹർഷി എഴുതിയ യഥാർത്ഥ കൽകി പുരാണം. ശിവദേവ-പാർവതി ദേവി ദിവ്യസംഭാഷണം. മൂല സംസ്കൃത താളിയോലകൾ ഇപ്പോൾ ലഭ്യമല്ല. ആദി തമിഴ് വിവർത്തനം നാഡി താളിയോലകൾ എന്നും നാഡി ജ്യോതിഷം എന്നും അറിയപ്പെടുന്നു. തമിഴ്നാട്ടിലെ വൈത്തീശ്വരൻകോവിൽ എന്ന സ്ഥലത്താണ് നാഡി താളിയോലകളുടെ സൂക്ഷിപ്പ് കേന്ദ്രം.

ഞാനും വാങ്ങി, നിങ്ങളോ?

Patented

Kalkipuri

INSECT FREE OIL LAMPS

നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ

In All Models

Scan UPI ID

Flipkart

7907456154

“ പ്രാണികൾ വീണ് ശവങ്ങളായി എണ്ണ അശുദ്ധമാകുന്നത് ആരാധനക്ക് ഉത്തമമല്ല

Kalkipuri Products Patented Insect Free Oil Lamp

പ്രാണികൾ കടക്കാത്ത അടപ്പുള്ള വിളക്ക്

തിരി വെയ്ക്കാത്ത ദ്വാരം അടയ്ക്കുന്നതിന്?

പ്രാണികൾ വീണ് ശവങ്ങളായി അശുദ്ധമായ അടപ്പില്ലാത്ത വിളക്കിലെ എണ്ണ

Ranjish Manjeri

0483 2724372

shop.kalkipuri.com

Kalkipuri, Edavannappara - 673645, Kerala, India.

Patent Pending. Regd. Design Patent Nos. 225592 & 301639.

*തൂക്ക് വിളക്കിന്റെ കീഴ്ക്ക് ദിശ കൃത്യമാക്കി നിലനിർത്തുന്നതിനുള്ള സംവിധാനം. Design Patent Protected.

© Kalki. All rights reserved. May 2020. Printed at Royal Press, Edp.

വിവേകാനന്ദന്റെ പുനർജന്മം തെളിവുകൾ




ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമ:
Kalkipuri
kalkipuri.com
Kalkipuri Temple
Om Shreem Brahma
eva VishnuDeva Namaha

Kalkipuri®

ജ്യോതിർമണ്ഡല ബ്രഹ്മലോക – ശിവലോക – വിഷ്ണുലോക പ്രകാശ സ്വരൂപ സമുന്നത സ്ഥാനാധികാര ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ ദേവ വർഗ്ഗത്തെ മാത്രം ആരാധിയ്ക്കുക. ദേവ വർഗ്ഗത്തോട് മാത്രം പ്രാർത്ഥിക്കുക.

ദേവവർഗ്ഗത്തിന്റെ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ലാത്തതിനാൽ പഞ്ചഭൂതാത്മക മനുഷ്യ രൂപങ്ങളും മറ്റ് ജീവിവർഗ്ഗങ്ങളുമായും ദേവ വർഗ്ഗത്തെ സങ്കൽപിച്ച് നിന്ദിക്കാതിരിക്കുക.

പരിമിത അറിവും സ്ഥാനാധികാരങ്ങളുമുള്ള വ്യക്തികളേയും അഥവാ മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും പ്രകൃതി പ്രതിഭാസങ്ങളേയും ആദരിയ്ക്കാം, ബഹുമാനിയ്ക്കാം; ആരാധിക്കാതിരിക്കുക.

kalkipuri.com

ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ

നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ

KESARI WEEKLY, KOZHIKODE . RNI NO. 3055/57• REGISTERED. NO. KL / CT / 22 / 2021 - 23 • ₹20/-
LICENCED TO POST WITHOUT PREPAYMENT•LICENCE NO. KL/PMG/NR/WPP/9/KKD/2021-23 •
DATE OF PUBLICATION 26 FEBRUARY 2021

അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദിതമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

ജീവന്റെ പ്രയാണത്തെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഭാരതീയ ഋഷിമാർ ശിവദേവ ആജ്ഞപ്രകാരം താളിയോലകളിൽ സംസ്കൃതത്തിൽ എഴുതിയതിന്റെ ആദിതമിഴ് വിവർത്തനത്തിന്റെ മലയാള ഗദ്യവിവർത്തനം.

ആധുനിക ശാസ്ത്ര ശാഖകൾ അനുദിനം പുതിയ സാങ്കേതിക ഗവേഷണങ്ങളിലൂടെ ജീവിതം മെച്ചപ്പെടുത്തുമ്പോൾ; അറിയാതെ പോകുന്ന ജീവന്റെ രഹസ്യം! അനവധി ജന്മങ്ങളിലൂടെയുള്ള ആത്മാവിന്റെ യാത്ര!! ഭാരതീയ ഋഷിമാർ തെളിവുകൾ സഹിതം ചരിത്ര രേഖയിലൂടെ വെളിപ്പെടുത്തുന്നു!!!

ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഋഷിമാർ എഴുതിയതിന്റെ വിവർത്തനം.

ഭാരത സംസ്കൃതിയുടെ മുഖമുദ്ര! സനാതന സംസ്കൃതിയുടെ ആധുനിക കാലത്തേയ്ക്കുള്ള അതുല്യ സംഭാവന!! ഹൈന്ദവ സംസ്കൃതിയുടെ ജീവന്റെ ജ്ഞാനത്തെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകൾ!!!

ആകെ ശ്ലോകങ്ങൾ: 71. ആകെ വരികൾ: 280. ആകെ പദങ്ങൾ: 840.

- ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും പുനരവതാരം.
- വിവേകാനന്ദന്റെ പുനർജന്മം.
- 1970 ഏപ്രിൽ 4ന് ജനിച്ച് ഏഴ് ദിവസം മാത്രം ജീവിച്ച് തിരിച്ചുപോയതിനു ശേഷം 1971 ഡിസംബർ 14-ാം തിയ്യതിയിലെ പുനർജന്മം.

ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം

ഫ്ളിപ്കാർട്ടിൽ നിന്നും വാങ്ങാം. shop.kalkipuri.com നിന്നും പുസ്തകം വാങ്ങുമ്പോൾ പോസ്റ്റൽ ചാർജ് ഫ്രീ (ഇന്ത്യയിൽ മാത്രം).

0483 2724372 7907456154
shop.kalkipuri.com

2021 ഫെബ്രുവരി 26ന് കേസരി വാരികയിൽ പ്രസിദ്ധീകരിച്ചത്.